**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2759** **22-01-2021 - ൽ മറുപടിയ്ക്ക്**

**എടവണ്ണ ഹാച്ചറിയുടെ നിർമാണപ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആർ .കെ .വി. വൈ. സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും പണി ആരംഭിക്കുകയും ചെയ്ത എടവണ്ണ ഹാച്ചറിയുടെ എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും ഇതിനായി എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ; | (എ) | എടവണ്ണ ഹാച്ചറിയുടെ പ്രവർത്തനത്തിനായി 1,00,00,000/- (ഒരു കോടി) രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആയതിൽ 67,11,589/- രൂപ വിനിയോഗിച്ച് ഹാച്ചറിയുടെ 90% പണി പൂർത്തീകരിച്ചിട്ടുണ്ട്. പൗൾട്ടി ലെയർ ഷെഡ്, ഹാച്ചറി കോംപ്ലക്സ്, ഫീഡ് സ്റ്റോർ, ഓഫീസ് കോംപ്ലക്സ്, വാട്ടർ ടാങ്ക്, എന്നിവയുടെ നിർമ്മാണ പ്രവർത്തികൾ 90% പൂർത്തിയായിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഹാച്ചറിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | എടവണ്ണ ഹാച്ചറിയുടെ പ്രവർത്തനത്തിനായി 1,00,00,000/- (ഒരു കോടി) രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആയതിൽ 67,11,589/- രൂപ വിനിയോഗിച്ച് ഹാച്ചറിയുടെ 90% പണി പൂർത്തീകരിച്ചിട്ടുണ്ട്. പൗൾട്ടി ലെയർ ഷെഡ്, ഹാച്ചറി കോംപ്ലക്സ്, ഫീഡ് സ്റ്റോർ, ഓഫീസ് കോംപ്ലക്സ്, വാട്ടർ ടാങ്ക്, എന്നിവയുടെ നിർമ്മാണ പ്രവർത്തികൾ 90% പൂർത്തിയായിട്ടുണ്ട്. |
| (സി) | ഇതിനായി ബാക്കി തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ രണ്ടാം ഘട്ടത്തിൽ എന്തെല്ലാം കാര്യങ്ങൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | തുക അനുവദിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കെട്ടിടത്തിനാവശ്യമായ ജനറേറ്റർ, ഉപകരണങ്ങൾ, ജലസ്രോതസ്സിനുവേണ്ടി പഞ്ചായത്ത് അനുവദിച്ച കുളം ആഴംകൂട്ടൽ, എടവണ്ണ ഹാച്ചറിക്കുവേണ്ട ജീവനക്കാരുടെ നിയമനം നടത്തൽ മുതലായവ നടത്തേണ്ടതുണ്ട്. |
| (ഡി) | അനുവദിക്കാനുള്ള തുക അടിയന്തരമായി അനുവദിച്ച് പ്രവൃത്തികൾ പൂർത്തീകരിച്ച് ടി ഹാച്ചറിയുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ഡി) | ഹാച്ചറിയുടെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കൽ, ജലലഭ്യത, ജീവനക്കാരുടെ നിയമനം എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് 6 മാസത്തിനകം ഹാച്ചറിയുടെ പ്രവർത്തനം ആരംഭിയ്ക്കാൻ സാധിക്കും. |
| (ഇ) | ഇക്കാര്യത്തിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കുമോ; | (ഇ) | ഹാച്ചറിയുടെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കൽ, ജലലഭ്യത, ആവശ്യമായ ഉപകരണങ്ങൾ , ജീവനക്കാരുടെ നിയമനം |

| | | | |
|---|---|---|---|
| | | | എന്നിവ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (എഫ്) | പ്രസ്തുത ഹാച്ചറിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഉണ്ടായ കാലതാമസത്തിനുള്ള കാരണമെന്താണെന്ന് വിശദമാക്കുമോ ? | (എഫ്) | ജലസ്രോതസ്സ് ലഭ്യമാക്കാൻ വേണ്ടിയുള്ള നടപടികളിലുണ്ടായ കാലതാമസം കാരണമാണ് ഹാച്ചറിയുടെ നിർമ്മാണപ്രവർത്തനം വൈകിയത്. |

സെക്ഷൻ ഓഫീസർ